## സൂപ്പർവൈസറായി ജോലി ചെയ്തയാൾ തൊഴിലാളിയല്ല

### മദ്രാസ് ഹൈക്കോടതി

W.P. No. 23171/2014 Dt. 4.11.2020

പി. വെങ്കടേശ്
x
ഈസ്റ്റ്-വിന്റ് ഫുട്ട്വെയർ കമ്പനി ലിമിറ്റഡ്

കമ്പനിയിൽ പർച്ചേയ്സ് സൂപ്പർവൈസർ എന്ന തസ്തികയിലാണ് തൊഴിലാളി ജോലി ചെയ്തിരുന്നത്. കീഴുദ്യോഗസ്ഥരായ സഹായികൾ സമർപ്പിക്കുന്ന ബിസിനസ്സ് യാത്രാ അപേക്ഷകൾ, ഓവർടൈം സ്ലിപ്പുകൾ, സ്ഥലം മാറ്റ ഉത്തരവുകൾ എന്നിവ അംഗീകരിച്ച് അവയിൽ ഒപ്പിടുക, വിവിധ സ്ഥാപനങ്ങളിൽ നിന്നുള്ള കൊട്ടേഷനുകൾ പരിശോധിച്ച് അംഗീകാരം നല്കുക, മുതലായ ചുമതലകളാണ് സൂപ്പർവൈസർ ചെയ്തിരുന്നത്. അയാളുടെ പ്രതിമാസ ശമ്പളം 10813 രൂപയാണ്. അയാൾ ജോലിയിൽ പ്രവേശിച്ച് ഏതാനും വർഷം കഴിഞ്ഞപ്പോൾ മേനേജ്മെന്റുമായി അയാൾക്ക് അഭിപ്രായവ്യത്യാസമുണ്ടായി. അഭിപ്രായഭിന്നതയോടെ ജോലിയിൽ തുടരേണ്ടെന്നു കരുതിയ സുപ്പർവൈസർ സ്വമേധയാ രാജി വച്ചു. രാജി അംഗീകരിച്ച മേനേജ്മെന്റ് അയാളുടെ കണക്കുകൾ തീർക്കുകയും അയാൾക്ക് അവകാശപ്പെട്ട ആനുകൂല്യങ്ങൾ നല്കുകയും ചെയ്തു. അങ്ങനെ മേനേജ്മെന്റുമായുള്ള അയാളുടെ തൊഴിൽ ബന്ധം വിച്ഛേദിക്കപ്പെട്ടു. ഉടനെത്തന്നെ അയാൾ വ്യവസായ തർക്കമുന്നയിച്ച് ലേബർ കോടതിയിൽ പരാതി നല്കി. കമ്പനിയിൽ താൻ സഹായി എന്ന തസ്തികയിലാണ് ജോലി ചെയ്തിരുന്നതെന്നും തന്നെ ഭീഷണിപ്പെടുത്തി രാജിക്കത്ത് ഒപ്പിടുവിച്ച് വാങ്ങിയതാണെന്നും താൻ സ്വമേധയാ രാജിവച്ചതല്ലെന്നുമാണ് അയാൾ പരാതിയിൽ ഉന്നയിച്ചത്. പരാതിക്കാരൻ സൂപ്പർവൈസറായിരുന്നുവെന്നും അയാൾ സ്വമേധയാ രാജിവച്ചതാണെന്നും ചൂണ്ടിക്കാട്ടിയ മേനേജ്മെന്റ് വ്യവസായ തർക്കനിയമപ്രകാരം അയാൾ തൊഴിലാളിയാണോ അല്ലയോ എന്ന കാര്യം പ്രാഥമികമായി തീർപ്പ് കല്പിക്കണമെന്നാവശ്യപ്പെട്ട് ലേബർ കോടതിയിൽ ഇടക്കാല ഹർജി സമർപ്പിച്ചു. തൊഴിലാളിയാണോ അല്ലയോ എന്നത് തെളിവെടുത്തതിനു ശേഷമേ തീരുമാനിക്കാനാവൂ എന്ന് വ്യക്തമാക്കിയ ലേബർ കോടതി വിചാരണ പൂർത്തിയാക്കി വിധി പ്രസ്താവിച്ചു. സൂപ്പർവൈസറുടെ ചുമതലയാണ് പരാതിക്കാരൻ നിർവ്വഹിച്ചിരുന്നതെന്ന് തെളിഞ്ഞിട്ടുണ്ടെന്ന് വിലയിരുത്തിയ ലേബർ കോടതി പരാതിക്കാരന്റെ അവകാശവാദം തള്ളിക്കളഞ്ഞു. ഇതിനെതിരെ അയാൾ ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. ഹർജിക്കാരൻ സൂപ്പർവൈസറുടെ ജോലിയാണ് നിർവ്വഹിച്ചിരുന്നതെന്ന് മേനേജ്മെന്റും സൂപ്പർവൈസർ എന്ന തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചിരുന്നുവെങ്കിലും സഹായിയുടെ ജോലിയാണ് പ്രധാനമായി ചെയ്തിരുന്നതെന്ന് ഹർജിക്കാരനും വാദിച്ചു. ഹർജിക്കാരൻ സൂപ്പർവൈസറുടെ ചുമതലയാണ് ചെയ്തിരുന്നതെന്നും 10,000 രൂപയിലധികം പ്രതിമാസ ശമ്പളം ലഭിച്ചിരുന്നെന്നും വ്യക്തമായി തെളിഞ്ഞിട്ടുണ്ടെന്ന് വിലയിരുത്തിയ ഹൈക്കോടതി ലേബർ കോടതിയുടെ വിധി ശരിവയ്ക്കുകയും റിട്ട് ഹർജി തള്ളിക്കളയുകയും ചെയ്തു.